'ഭരണഭാഷ-മാതൃഭാഷ'

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം-1

നമ്പർ: എ8/12561/16 തീയതി: 29/09/2016

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - എംപ്ലോയബിലിറ്റി സ്കിൽസ് - ഗസ്റ്റ് ഇൻസ്ട്രക്ടർ - വേതനം - സംബന്ധിച്ച്.

സൂചന:- 1) G.O. (P) No. 28/16/Fin. തീയതി 26/02/2016.
2) അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ് - ന്റെ സർക്കുലർ നമ്പർ എ8/12561/16 തീയതി 06/08/2016.

****

സൂചനകൾ പ്രകാരം വിവിധ ഐ.ടി.ഐ.കളിൽ താത്ക്കാലികാടിസ്ഥാനത്തിൽ ഗസ്റ്റ് ഇൻസ്ട്രക്ടർമാരായി ജോലി ചെയ്തിരുന്നവരുടെ വേതനം പുതുക്കിയിരുന്നു. എന്നാൽ എംപ്ലോയബിലിറ്റി സ്കിൽസ് പഠിപ്പിക്കുന്ന ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് പുതുക്കിയ വേതനം ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ട്. എംപ്ലോയബിലിറ്റി സ്കിൽസ് പഠിപ്പിക്കുന്ന ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ വേതനം 01/04/2016 മുതൽ 900/- രൂപ ഓരോ പ്രവൃത്തി ദിവസത്തിനുമെന്ന നിരക്കിൽ മാസം പരമാവധി 26,100/- രൂപയായി വർദ്ധിപ്പിച്ചുത്തരവാകുന്നു.

എംപ്ലോയബിലിറ്റി സ്കിൽസ്, എ.സി.ഡി. എന്നീ ഇൻസ്ട്രക്ടർമാർ ഹാജരാകേണ്ട ദിവസങ്ങളിൽ കുറഞ്ഞത് നാല് പീരിയഡ് ക്ലാസ്സ് എടുക്കുന്ന തരത്തിൽ റ്റൈം റ്റേബിൾ തയ്യാറാക്കേണ്ടതാണെന്ന് അറിയിച്ചുകൊള്ളുന്നു.

കൂടാതെ 01/04/2016 ന് മുൻപ് ഗസ്റ്റ് ഇൻസ്ട്രക്ടർമാരായി സേവനത്തിൽ പ്രവേശിച്ച് 01/04/2016-നു ശേഷവും സേവനത്തിൽ ഉള്ള എല്ലാ ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്കും പുതുക്കിയ നിരക്കിലുള്ള വേതനത്തിന് അർഹതയുണ്ടായിരിക്കും.

(ഒപ്പ്)
**ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

To

എല്ലാ പ്രിൻസിപ്പാൾമാർക്കും

//ഉത്തരവിൻ പ്രകാരം//

Reji.S

സീനിയർ സൂപ്രണ്ട്

എസ്.കെ. 26-09-16